പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4011 — 16/05/2017 ൽ മറുപടിക്ക്

# വാണിജ്യ സമുച്ചയങ്ങളിലെ പാർക്കിംഗ് ഫീസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഡി. കെ. മുരളി** | | കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** വാണിജ്യ സമുച്ചയങ്ങൾ, സിനിമാ തിയേറ്ററുകൾ, തിരക്കുള്ള ജംഗ്ഷനുകൾ തുടങ്ങി പല സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന സ്വകാര്യവാഹന പാർക്കിംഗ് ഏരിയകളിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | **എ)** | ഇല്ല |
| **ബി)** ഉണ്ടെങ്കിൽ പാർക്കിംഗ് ഫീസ് നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; | **ബി), സി) & ഡി)** | ബാധകമല്ല |
| **സി)** പലയിടങ്ങളിലും പല നിരക്കിലാണ് ഫീസ് പിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| **ഡി)** ചിലയിടങ്ങളിൽ അമിത നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| **ഇ)** സ്വകാര്യവാഹന പാർക്കിംഗ് ഏരിയ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | **ഇ)** | 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ, ചട്ടം 23 പ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾ തുറക്കാനുള്ള ലൈസൻസിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ തദ്ദേശഭരണസ്ഥാപനത്തിന് തീരുമാനമെടുക്കാവുന്നതാണെന്നും എന്നാൽ മോട്ടോർ വാഹനങ്ങൾക്ക് വേണ്ടിയുള്ള ഒരു സ്വകാര്യ വണ്ടിത്താവളം തുറക്കാൻ അനുവാദം കൊടുക്കുന്നതിന് മുമ്പ് |

ഗ്രാമപഞ്ചായത്ത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വകാര്യ വണ്ടിത്താവളങ്ങളിൽ 9-ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള കുറഞ്ഞതും കൂടിയതുമായ നിരക്കുകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂടുതലാക്കാൻ പാടുള്ളതല്ലെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്.

1994 ലെ മുനിസിപ്പൽ ആക്ട് 475(3) വകുപ്പുപ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങളുടെ ലൈസൻസ് മുനിസിപ്പാലിറ്റികളുടെ യുക്താനുസരണം നൽകാവുന്നതും മുനിസിപ്പാലിറ്റികൾക്ക് ഏതെങ്കിലും സമയത്ത് നിശ്ചയിക്കപ്പെട്ട തീയതിമുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ലൈസൻസിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യാവുന്നതും അതിലെ വ്യവസ്ഥകളുടെ ലംഘനത്തിന്റെ പേരിൽ ഏതെങ്കിലും ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ